ഭരണഭാഷ – മാതൃഭാഷ

നം.5632 /DP4/2022 /CRD

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി.ഓ. തിരുവനന്തപുരം-03
ഫോൺ: 0471 2314526
തീയതി:20/12/2022

**16.12.2022-ന് 11.00 am-ന് പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഇ-ഓഫീസ്, ഓഫീസ് നടപടികൾ, ബ്ലോക്ക് പ്ലാൻ, കേന്ദ്ര-സംസ്ഥാന പദ്ധതികൾ എന്നിവയുടെ ഓൺലൈൻ റിവ്യൂ മീറ്റിംഗിന്റെ മിനുട്ട്സ്.**

എ.ഡി.സി ജനറൽമാർ, കില- വികസന പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടർമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു. സംസ്ഥാന ഓഫീസിൽ നിന്നും പങ്കെടുത്തവർ:

1. ശ്രീ.എം.ജി.രാജമാണിക്കം ,ഐ.എ.എസ്-പ്രിൻസിപ്പൽ ഡയറക്ടർ
2. ശ്രീ.സി.പി.ജോസഫ്- അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ-1
3. ശ്രീ.ജി.കൃഷ്ണകുമാർ- ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ആർ.ഐ)
4. ശ്രീ.നിഫി എസ്.ഹഖ്-അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ഡി.പി)
5. ശ്രീ.പ്രദീപ്. കെ.എസ്-സിസ്റ്റം സൂപ്പർവൈസർ
6. ശ്രീ.സജീവ് പി എസ്, HA, പനമരം ബ്ലോക്ക് പഞ്ചായത്ത്
7. ശ്രീ.സജു.എസ്.റ്റി-സീനിയർ ക്ലർക്ക് (ഡിപി4)

1. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളും കാര്യക്ഷമവും പേപ്പർലെസ് ഓഫീസുകളുമായി മാറ്റുന്നതിനുള്ള സംസ്ഥാന സർക്കാരിൻറെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിൻറെ ഭാഗമായാണ് വകുപ്പിലെ എല്ലാ ഓഫീസുകളും ഇ .ഓഫീസ് ആക്കുന്നതെന്നു പ്രിൻസിപ്പൽ ഡയറക്ടർ പറഞ്ഞു. 2023 ജനുവരി 1 മുതൽ എല്ലാ ഓഫീസുകളും പേപ്പർലെസ് ഓഫീസ് ആക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നു പ്രിൻസിപ്പൽ ഡയറക്ടർ പറഞ്ഞു. അതിന്റെ ഗൗരവം എല്ലാവരും മനസിലാക്കണം. എല്ലാ ഓഫീസുകളും നല്ല രീതിയിലുള്ള തുടർപ്രവർത്തനം നടത്തി കൂട്ടായി പരിശ്രമിച്ചുകൊണ്ട് 2022 ഡിസംബർ 22 -നകം ഇ.ഓഫീസിൽ പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

2. ഇ.ഓഫീസിന്റെ തുടർപ്രവർത്തനങ്ങൾ നടത്തുന്നതിൽ പലയിടത്തും വീഴ്ചകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്രയും കാലം e-office implementation വകുപ്പിലെ എല്ലാ ഓഫീസുകളിലും പൂർത്തിയാകാത്തത് അംഗീകരിക്കാനാവില്ല. അതത് ഓഫീസ് മേലധികാരികൾ വ്യക്തിപരമായ ശ്രദ്ധ നൽകി ഇ-ഓഫീസ് തുടർപ്രവർത്തനത്തിലെ പോരായ്മകൾ പരിഹരിക്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ നിർദേശിച്ചു.

3. 16.12.2022 -ലെ കണക്കനുസരിച്ച് എല്ലാ എ ഡി സി (ജനറൽ) ഓഫീസുകളും കണ്ണൂർ ഒഴികെയുള്ള ജില്ലകളിലെ 124 ബ്ലോക്ക് പഞ്ചായത്തുകളും മണ്ണുത്തി കില വികസന പരിശീലന കേന്ദ്രവും ഇ.ഓഫീസിൽ ആയിട്ടുള്ളതായി കാണുന്നു. എന്നാൽ, ഇ.ഓഫീസിലായ ഓഫീസുകളിൽ ഫയൽ നീക്കത്തിന്റെ എണ്ണം പരിശോധിച്ചാൽ, കാസർഗോഡ്, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ മാത്രമാണ് കാര്യമായ പുരോഗതിയുള്ളതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ നിരീക്ഷിച്ചു.

4. 28 ബ്ലോക്കുകളിൽ ഇതുവരെ ഇ -ഓഫീസ് നടപ്പിലാക്കിയിട്ടില്ല. കാര്യങ്ങൾ ഇങ്ങനെ മന്ദഗതിയിൽ പോകുന്നത് അംഗീകരിക്കാനാവില്ല. 2022 ഡിസംബർ 22 ന് മുമ്പ് ബാക്കിയുള്ള 28 ബ്ലോക്കുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിരിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പറഞ്ഞു. തടസങ്ങൾ പറഞ്ഞുകൊണ്ടിരിക്കാതെ, നല്ല രീതിയിൽ FOLLOW UP പ്രവർത്തനം നടത്തി അതത് ഓഫീസുകൾ മുൻകൈയെടുത്ത് തടസങ്ങൾ പരിഹരിക്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ നിർദേശിച്ചു. ആവശ്യമെങ്കിൽ, അതിന് ബ്ലോക്കിലെ IKM ടെക്നിക്കൽ അസ്സിസ്റ്റന്റിന്റെ സേവനം ഉപയോഗപ്പെടുത്തണം.

5. ജില്ലയിലെ എല്ലാ ഓഫീസുകളിലേയും ഇ-ഓഫീസ് Implementation ചുമതല ജില്ലാ നോഡൽ ഓഫീസർ ആയ എ.ഡി.സി. ജനറൽമാർക്കാണ്. ഇ-ഓഫീസ് സംബന്ധിച്ചുള്ള എല്ലാവിധ ആവശ്യങ്ങളും പ്രവർത്തനങ്ങളും കേരള സ്റ്റേറ്റ് ഐടി മിഷനുമായി ബന്ധപ്പെടുന്നത് എ.ഡി.സി. ജനറൽ-മാർക്ക് ലഭ്യമാക്കിയിട്ടുള്ള eOffice Support Tracker വഴിയാണ്. ഐടി മിഷനിൽ നിന്ന് ആവശ്യപ്പെടുന്ന അപ്ഡേഷനുകൾ കൃത്യതയോടെ സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിൽ കടുത്ത ജാഗ്രത കുറവ് കാണുന്നു എന്നും അത് ഇ -ഓഫീസ് നടപ്പിലാക്കലിന്റെ പുരോഗതിയെ ബാധിക്കുന്ന പ്രധാനകാരണമാണെന്നും യോഗം നിരീക്ഷിച്ചു. അതൊഴിവാക്കാൻ ഓരോ ഓഫീസും നല്ല ജാഗ്രത പുലർത്തണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ നിർദേശിച്ചു.

6. ഓഫീസുകളിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇ-ഓഫീസ് നടപ്പിലാക്കാനാണ് ശ്രമിക്കേണ്ടതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പറഞ്ഞു. നിരവധി വർഷങ്ങളായി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ നിരവധി പദ്ധതികൾ വിവിധ സോഫ്റ്റ്‌വെയറുകൾ വഴി നടപ്പിലാക്കിവരുന്ന ഈ വകുപ്പിൽ നിലവിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സൗകര്യങ്ങളും ഉപയോഗപ്പെടുത്തി ഇ-ഓഫീസ് ആരംഭിക്കാവുന്നതേയുള്ളൂ എന്നും അതിനായി എല്ലാ സൗകര്യങ്ങളും ഉണ്ടാകുന്നതിനായി കാക്കേണ്ടതില്ല എന്നും കമ്മീഷണർ നിരീക്ഷിച്ചു.

7. ജില്ലാ പഞ്ചായത്ത് ദാരിദ്ര്യ ലഘൂകരണ വിഭാഗം എന്ന നിലയിൽ ആ ഓഫീസുകൾക്ക് ആവശ്യമായ കംപ്യൂട്ടറുകളും പ്രിന്ററുകളും അനുബന്ധ സൗകര്യങ്ങളും ജില്ലാ പഞ്ചായത്തിൽ ആവശ്യപ്പെട്ട ലഭ്യമാക്കാൻ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടർമാർ മുൻകൈയെടുക്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പറഞ്ഞു. ജില്ലകളിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാരും എ ഡി സി ജനറൽമാരും ആവശ്യപ്പെട്ട കംപ്യൂട്ടറുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വാങ്ങി നല്കാൻ നടപടി സ്വീകരിക്കാമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പറഞ്ഞു.

8. ഇ-ഓഫീസ് നടപ്പിലാക്കാനായി KSWAN കണക്ഷൻ നിർബന്ധമാണ്. എന്നാൽ, KSWAN കണക്ഷൻ ഉണ്ടെങ്കിലേ ഇ -ഓഫീസ് നടപ്പാക്കാൻ കഴിയൂ എന്നില്ല. KSWAN ലഭ്യമല്ലാത്ത ഓഫീസുകൾ താൽക്കാലികമായി, നിലവിൽ ആ ഓഫീസിലുള്ള ഇന്റർനെറ്റ് കണക്ഷൻ ഉപയോഗിച്ച് , ഐടി മിഷൻ വഴി VPN സംവിധാനം ലഭ്യമാക്കിയാൽ ഇ-ഓഫീസ് നടപ്പാക്കാൻ കഴിയുമെന്ന് IT സെൽ അറിയിച്ചു. തുടർന്ന്, KSWAN/KFON കണക്ഷൻ അതത് ഓഫീസുകൾ അപേക്ഷ നൽകി ലഭ്യമാക്കി ഇ-ഓഫീസ് ഉപയോഗിക്കണം.

9. ഒരു ഓഫീസിൽ VPN കണക്ഷൻ ലഭിക്കുന്നതിനുള്ള PROFORMA വകുപ്പിന്റെ സൈറ്റിൽ (rdd.lsgkerala.gov.in) ലഭ്യമാണ്. ഓഫീസ് മേധാവി അത് പൂരിപ്പിച്ച് ജില്ലാ നോഡൽ ഓഫീസർ ആയ എ ഡി സി ജനറൽ-ന് അയച്ചുകൊടുക്കണം. തുടർന്ന് എ ഡി സി ജനറൽ അത് സ്റ്റേറ്റ് IT മിഷന് എന്ന e .mail വിലാസത്തിലേക്ക് അയച്ചാൽ മതി. അതിന്റെ പകർപ്പ് എന്ന e .mail വിലാസത്തിലേക്ക് അയയ്ക്കണം. കൃത്യമായ വിവരങ്ങൾ നൽകിയാൽ അന്ന് തന്നെ VPN

കണക്ഷൻ ലഭ്യമാക്കിയതായ മറുപടിയും password ഉം ലഭിക്കുകയും ചെയ്യും. VPN ഉപയോഗിക്കുന്നതിന് ഏത് network -ഉം ഉപയോഗിക്കാം.

## 10. ജില്ലകളിലെ പുരോഗതി

### കണ്ണൂർ ജില്ല

ആകെയുള്ള പതിനൊന്ന് ബ്ലോക്കുകളിലും implementation ആയിട്ടില്ല. ടിക്കറ്റുകളുടെ അപ്ഡേഷനിൽ കാലതാമസം കാണുന്നു. ജില്ലാ നോഡൽ ഓഫീസർ ഫോളോ അപ്പ് ചെയ്യണം കല്ല്യാശ്ശേരി, പാനൂർ ബ്ലോക്കുകളിൽ KSWAN കണക്ഷൻ ഇല്ലെന്നും ബി.എസ്.എൻ.എൽ കണക്ഷൻ ആണ് നിലവിലുള്ളത് എന്നും എ.ഡി.സി. ജനറൽ അറിയിച്ചു.

കല്ല്യാശ്ശേരിയിൽ ഡിസ്ട്രിക്ട് നോഡൽ ഓഫീസർ EMD സമർപ്പിക്കാൻ വൈകിയതാണ് തടസ്സത്തിനു കാരണം. പാനൂരിൽ നോഡൽ ഓഫീസർ VPN നുള്ള അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ഇതിനെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ നിർദേശിച്ചു.

### മലപ്പുറം

6 ബ്ലോക്കുകളിലാണ് e-office implementation pending ആയിട്ടുള്ളത്. ടിക്കറ്റ് അപ്ഡേഷനിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഫോളോ അപ്പ് അത്യാവശ്യമാണ് ഐ.റ്റി. മിഷനുമായി ചേർന്ന് ഫോളോ അപ്പ് നടത്തി ഡിസംബർ 22 ഓടെ ഈ 6 ബ്ലോക്കുകളിലും ഇ-ഓഫീസ് നടപ്പിലാക്കാൻ കഴിയും എന്ന് എ.ഡി.സി. ജനറൽ അറിയിച്ചു.

### തിരുവനന്തപുരം

6 ബ്ലോക്കുകളിലാണ് e-office implementation pending ആയിട്ടുള്ളത്. അതിയന്നൂരും, വാമനപുരത്തും implementation കഴിഞ്ഞ ദിവസം ആയിട്ടുണ്ട് കിളിമാനൂർ ബ്ലോക്കിൽ ലോഗിൻ റീസെറ്റ് ചെയ്യാൻ കഴിയുന്നില്ല. നേമം, ചിറയിൻകീഴ്, വെള്ളനാട്, പോത്തൻകോട് ബ്ലോക്കുകളിൽ 17 ദിവസങ്ങളായിട്ട് ടിക്കറ്റ് അപ്ഡേഷൻ നടത്തിയിട്ടില്ലായെന്ന് കാണുന്നതായി ഗ്രാമവികസന കമ്മീഷണർ അറിയിച്ചു. ജില്ലാ നോഡൽ ഓഫീസർ ആയത് അടിയന്തിരമായി ഫോളോ അപ് ചെയ്യാൻ ഗ്രാമവികസന കമ്മീഷണർ നിർദ്ദേശിച്ചു.

മറ്റ ബ്ലോക്കുകളിൽ implementation പൂർത്തിയായിട്ടുണ്ട് എങ്കിലും ഫയൽ നീക്കത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ജില്ലയിൽ എ ഡി സി ജനറൽ നേതൃത്വത്തിൽ ഇതിനെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ നിർദേശിച്ചു.

### കോഴിക്കോട്

കുന്നമംഗലം ബ്ലോക്കിൽ ടിക്കറ്റ് അപ്ഡേഷനിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ജില്ലാ നോഡൽ ഓഫീസർ ഫോളോ അപ് ചെയ്യേണ്ടതുണ്ട്.

കുന്നുമ്മൽ, പേരാമ്പ്ര ബ്ലോക്കുകളിൽ ഓഫീസ് ഷിഫ്റ്റ് ചെയ്തതിനാൽ കണക്ഷൻ മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ് ഉടൻ പൂർത്തിയാകും. ഡിസംബർ 22 നകം ജില്ലയിലെ എല്ലാ ഓഫീസുകളിലും ഇ -ഓഫീസ് നടപ്പിലാക്കാൻ കഴിയുമെന്ന് അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) അറിയിച്ചു.

### പത്തനംതിട്ട

4 ബ്ലോക്കുകൾ കഴിഞ്ഞ ദിവസം തന്നെ ഇ -ഓഫീസിലേക്ക് മാറി. 2 ബ്ലോക്കുകളിൽ VPN കണക്ഷൻ എടുക്കണം. ഡിസംബർ 22 -ന് മുമ്പ് എല്ലാ ബ്ലോക്കുകളിലും ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുമെന്ന് അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ) അറിയിച്ചു.

11. ഇ-ഓഫീസ് നടപ്പിലാക്കിയ ഓഫീസുകളിലെ ഫയൽ നീക്കത്തിലെ പുരോഗതി യോഗം

വിലയിരുത്തി. പാലക്കാട്, കാസർഗോഡ്, തൃശ്ശൂർ ജില്ലകളിൽ വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളിലെ ജീവനക്കാരെ ഗ്രാമവികസന കമ്മീഷണർ അഭിനന്ദിച്ചു.

12. ഏറ്റവും കുറവ് ഫയൽ create ചെയ്തിട്ടുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. ഫലപ്രദമായി ഇ-ഓഫീസ് ഉപയോഗിക്കുന്നില്ല എന്നാണ് ഇത് കാണിക്കുന്നത്. ഇ-ഓഫീസ് നടപ്പിലാക്കുക എന്നാൽ transaction പൂർണ്ണമായി ഇ-ഓഫീസിലേക്ക് മാറ്റുക എന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ പറഞ്ഞു.

അതിനാൽ, എല്ലാ തപാലുകളും ഇ.മെയിലിൽ നിന്നും ഡൌൺലോഡ് ചെയ്ത് നേരിട്ട് ഇ.ഓഫീസിലേക്ക് മാറ്റണം (Receipts).

13. ഇ-ഓഫീസ് Implementation നടന്നിട്ടുണ്ടെങ്കിലും ഇതുവരെ ഫയൽ ക്രിയേറ്റ് ചെയ്യാത്ത നിരവധി ഓഫീസുകൾ ഇപ്പോഴും ഉള്ളതായി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും കാണുന്നുണ്ട്. 108 ബ്ലോക്കുകളിൽ File transaction നാമമാത്രമാണ്. ഇ-ഓഫീസ് Implementation നടന്നിട്ടുള്ള എല്ലാ ഓഫീസുകളിലും തപാൽ transaction തുടങ്ങിയവയെല്ലാം നിർബന്ധമായും ഇ-ഓഫീസിലേക്ക് മാറ്റണം. 2023 ജനുവരി 1 മുതൽ ഒരു ബ്ലോക്കിലും ഒരു ഫയലും Manual ആയി Process ചെയ്യാൻ പാടില്ലായെന്ന് ഗ്രാമവികസന കമ്മീഷണർ നിർദ്ദേശിച്ചു.

14. ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിലും ഇ.റ്റി.സി. കളിലും ഡിസംബർ 22- ന് മുമ്പ് ഇ-ഓഫീസ് നടപ്പിലാക്കണമെന്നും ഇതിനായുള്ള പ്രവർത്തനങ്ങൾ ജില്ലാ നോഡൽ ഓഫീസർമാർ അടിയന്തരമായി സ്വീകരിക്കണമെന്നും കമ്മീഷണർ നിർദ്ദേശിച്ചു.

<u>പ്രോജക്ട് ഡയറക്ടർ, കാസർഗോഡ്:</u>

അടുത്ത ആഴ്ചയോടെ ഇ -ഓഫീസ് പൂർണമായി നടപ്പിലാക്കുമെന്ന് പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

<u>പ്രോജക്ട് ഡയറക്ടർ, കണ്ണൂർ:</u>

2022 ഡിസംബർ 22 നകം ഇ-ഓഫീസ് പൂർണ്ണമായി നടപ്പിലാക്കുമെന്ന് പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

<u>പ്രോജക്ട് ഡയറക്ടർ, കോഴിക്കോട്:</u>

2022 ഡിസംബർ 22 നകം കോഴിക്കോട് ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിൽ ഇ -ഓഫീസ് സംവിധാനം പൂർണ്ണമായി നടപ്പിലാക്കാൻ ഗ്രാമവികസന കമ്മീഷണർ നിർദ്ദേശിച്ചു.

<u>പ്രോജക്ട് ഡയറക്ടർ, പാലക്കാട്:</u>

ലോഗിൻ ലഭ്യമായി. കണക്ഷൻ ഉണ്ട്. ഡിസംബർ 22 നകം ഇ-ഓഫീസ് പൂർണ്ണമായി നടപ്പിലാക്കാൻ ഗ്രാമവികസന കമ്മീഷണർ നിർദ്ദേശിച്ചു.

<u>പ്രോജക്ട് ഡയറക്ടർ, കൊല്ലം :</u>

ഇ-ഓഫീസ് നടപ്പിലാക്കൽ ആരംഭിച്ചിട്ടുണ്ട്. Gem പോർട്ടലിൽ ഐ.ഡി ആയിട്ടുണ്ട്. അനുവദിച്ച കംപ്യൂട്ടറുകൾ Gem പോർട്ടലിൽ നിന്ന് വാങ്ങുന്നതിന് സാങ്കേതിക തടസ്സമുണ്ടെന്ന് കൊല്ലം, പ്രോജക്ട് ഡയറക്ടർ, അറിയിച്ചു. ഇങ്ങനെയുള്ള സാങ്കേതിക തടസ്സങ്ങൾ ജില്ലാ തലത്തിലോ അതത് ഓഫീസ് തലത്തിലോ ഇടപെട്ടു പരിഹരിക്കാൻ ശ്രദ്ധിക്കണമെന്നു പ്രിൻസിപ്പൽ ഡയറക്ടർ നിർദേശിച്ചു.

15. സമയപരിമിതി മൂലം എല്ലാവരോടും ഇപ്പോൾ സ്റ്റാറ്റസ് ചോദിക്കുന്നില്ലെന്നും ഇതൊരു പൊതുനിർദേശമായി കണ്ട് എല്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിലും ഇ -ഓഫീസ് 2022 ഡിസംബർ 22 -നകം നടപ്പിലാക്കണമെന്നു പ്രിൻസിപ്പൽ ഡയറക്ടർ നിർദേശിച്ചു.

16. കില – വികസന പരിശീലന കേന്ദ്രങ്ങൾ

മണ്ണുത്തി കില – വികസന പരിശീലന കേന്ദ്രത്തിൽ ഇ- ഓഫീസ് പ്രാരംഭ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ചു. എല്ലാ KILA ETC-കളിലും 2022 ഡിസംബർ 22 -നകം ഇ.ഓഫീസിൽ ആക്കണമെന്നും കമ്മിഷണർ പറഞ്ഞു. KILA ETC-കളിൽ കിലയുടെതായ ഓൺലൈൻ സംവിധാനം നിലവിലുള്ളതുപോലെ ഉപയോഗിക്കണം . ജീവനക്കാരുടെ സർവീസ് സംബന്ധമായ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി പ്രിൻസിപ്പൽ ഡയറക്ടറേറ്റുമായി ബന്ധപ്പെടുന്നതിനാണ് ഇ.ഓഫീസ് ഏർപ്പെടുത്തുന്നതെന്നും കമ്മിഷണർ പറഞ്ഞു. സാങ്കേതികമായി എന്തെങ്കിലും സംശയമുണ്ടെങ്കിൽ സിസ്റ്റം സൂപ്പർവൈസർ ശ്രീ.കെ.എസ്.പ്രദീപിനെയോ HA ശ്രീ. സജീവ് പി. എസ് -നേയോ അറിയിക്കാൻ അറിയിക്കാൻ ഗ്രാമവികസന കമ്മീഷണർ നിർദ്ദേശിച്ചു.

17. SPARK-മായി ബന്ധിപ്പിച്ച പഞ്ചിംഗ് സംവിധാനം

സർക്കാർ നിർദേശമനുസരിച്ചു എല്ലാ സംസ്ഥാന -ജില്ലാ ഓഫീസുകളിലും 2023 ജനുവരി 1 മുതലും ബ്ലോക്ക പഞ്ചായത്തുകളിൽ 2023 മാർച്ച് 31 -നകവും SPARK-മായി ബന്ധിപ്പിച്ച പഞ്ചിംഗ് സംവിധാനം നടപ്പിലാക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ നിർദ്ദേശിച്ചു.

18. വിജിലൻസ് സെൽ ഇൻസ്പെക്ഷൻ

ഓഫീസിലെ നടപടിക്രമങ്ങളും രേഖകളുടെ സൂക്ഷിപ്പും സുതാര്യവും മികച്ചതുമാകണം . അത് നിശ്ചിത ഇടവേളകളിൽ മേലധികാരികൾ പരിശോധിച്ചുറപ്പു വരുത്തണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ നിർദേശിച്ചു. ഗ്രാമവികസന കമ്മീഷണറേറ്റിലെ വിജിലൻസ് സെല്ലിന്റെ ഓഫീസ് ഇൻസ്പെക്ഷനുകൾ വിവിധ ഓഫീസുകളിൽ നടന്നു വരികയാണ് . സർപ്രൈസ് ഇൻസ്പെക്ഷൻ ഉൾപ്പെടെയുള്ള പരിശോധനകളും നടത്തുന്നതാണ് . തുടർന്നും എല്ലാ തലത്തിലുമുള്ള ഓഫീസുകളിൽ ഇൻസ്പെക്ഷൻ ഉണ്ടാകുമെന്നും ഗ്രാമവികസന കമ്മീഷണർ പറഞ്ഞു. ബ്ലോക്ക് പഞ്ചായത്തുകളിൽ അതത് ദാരിദ്ര്യ ലഘൂകരണവിഭാഗം പ്രോജെക്റ്റ് ഡയറക്ടർമാരുടെ നേതൃത്വത്തിലുള്ള ജില്ലാതല വിജിലൻസ് സെൽ ഇൻസ്പെക്ഷൻ ശക്തിപ്പെടുത്തണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പറഞ്ഞു.

19. ബ്ലോക്ക് പ്ലാൻ/കേന്ദ്രാവിഷ്കൃത പദ്ധതികൾ

ബ്ലോക്ക് പ്ലാൻ / വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യത്തിൽ ഉർജ്ജിതമായ FOLLOW UP പ്രവർത്തനങ്ങൾ നടത്തി നല്ല പുരോഗതി ഉറപ്പാക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ നിർദേശിച്ചു.

20. 23/12/2022 ന് രാവിലെ 11 മണിയ്ക്ക് ഇ-ഓഫീസ് റിവ്യൂ

2022 ഡിസംബർ 22 -ഓടെ എല്ലാ ഓഫീസുകളിലും implementation പൂർത്തിയാക്കണമെന്നും ഇതിനകം പൂർത്തിയായിട്ടുള്ള ഓഫീസുകളിൽ ഫയൽ ക്രിയേഷൻ, ഫയൽ നീക്കം എന്നിവ ത്വരിതപ്പെടുത്തണമെന്നും നിർദ്ദേശിച്ചു. ഇക്കാര്യങ്ങൾ വിലയിരുത്തുന്നതിനായി 23/12/2022 ന് രാവിലെ 11 മണിയ്ക്ക് വീണ്ടും ഇ-ഓഫീസ് റിവ്യൂ നടത്തുമെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

ഇ-ഓഫീസ് നടപ്പാക്കൽ സംബന്ധിച്ചുള്ള സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തി വകുപ്പിന്റെ വെബ്സൈറ്റിൽ (rdd.lsgkerala.gov.in) E -office എന്ന പേരിൽ page ആരംഭിച്ചിട്ടുണ്ട്. അതിൽ എല്ലാ വിവരങ്ങളും ഉണ്ട്.

യോഗം 12.15 PM – ന് അവസാനിച്ചു.

COMMISSIONER

Signature Not Verified

Digitally signed by
RAJAMANICKAM
MARIMUTHU GURUSAMY
Date: 2022.12.20 12:14:40 IST
Reason: Approved